Scan copy

Rm

4352

നം.വൈ.1/45574/12/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം, തീയതി: **31.07.2012.**

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം - സംസ്ഥാന ആർക്കൈവ്സ് വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ചരിത്ര ക്വിസ് 2012 മത്സരങ്ങളെ - സംബന്ധിച്ച്.

**സൂചന:-** ആർക്കൈവ്സ് ഡയറക്ടറുടെ 27/06/2012-ലെ പിഭആർ/2068/2012/എസ്.എ. നമ്പർ കത്ത്.

...............

പൊതു സമൂഹത്തിലും വിശിഷ്യ വിദ്യാർത്ഥികളിലും ചരിത്രാവബോധം വളർത്തുന്നതിനും പൈതൃക സംരക്ഷണത്തെക്കുറിച്ചും, ചരിത്ര രേഖകളെ കുറിച്ചും കുട്ടികളിൽ ധാരണ സൃഷ്ടിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പും, ആർക്കൈവ്സ് വകുപ്പും സംയുക്തമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 'ചരിത്ര ക്വിസ് 2012' മത്സരം നടത്തുന്നു. സ്കൂൾ, വിദ്യാഭ്യാസ ജില്ല, മേഖല, സംസ്ഥാനം എന്നീ തലങ്ങളിൽ മത്സരങ്ങൾ നടത്തുന്നതാണ്.

'ചരിത്ര ക്വിസ്- 2012' ന്റെ പ്രോഗ്രാം ഷെഡ്യൂളും, വിശദ വിവരങ്ങളും ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു. പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ജില്ലാ, സംസ്ഥാന കലോത്സവങ്ങൾക്കും ശാസ്ത്ര മേളയ്ക്കും തടസ്സം വരാത്ത രീതിയിൽ തീയതിയും, സമയ ക്രമീകരണവും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

1. ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം (സർക്കുലറിന്റെ ആവശ്യമായ പകർപ്പ് എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, ആർ.ഡി.എസ്.എസ്.സി.എ, സെക്രട്ടറിമാർക്കും നൽകുവാൻ താൽപര്യപ്പെടുന്നു.)
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്)
4. സംസ്ഥാന സെക്രട്ടറി, സാമൂഹ്യ ശാസ്ത്ര ക്ലബ് അസോസിയേഷൻ.
5. എല്ലാ റവന്യൂ ജില്ലാ സാമൂഹ്യ ശാസ്ത്ര ക്ലബ് അസോസിയേഷൻ സെക്രട്ടറിമാർക്കും.
6. ആഫീസ് കോപ്പി & കരുതൽ ഫയൽ.

ഐ.സി.എസ്. 7.12.

## ആർക്കൈവ്സ് വകുപ്പ് നടത്താനുദ്ദേശിക്കുന്ന ചരിത്രക്വിസ് 2012ന്റെ വിശദാംശങ്ങൾ

1. സർക്കാർ, എയ്ഡഡ്, അംഗീകൃത സ്കൂളുകളിലെ ഹൈസ്കൂൾ കുട്ടികളെയാണ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.
2. ടീം അടിസ്ഥാനത്തിലാണ് മത്സരം ഒരു ടീമിൽ രണ്ട് കുട്ടികൾ വേണം.
3. മത്സരം മലയാള ഭാഷയിലാണ് നടത്തേണ്ടത്.
4. ഹൈസ്ക്കൂൾ തല മത്സരം അതത് സ്കൂൾ അധികൃതർ നടത്തണം. ഒന്നാമതെത്തുന്ന ഒരു ടീമിനെ DEO തല മത്സരത്തിൽ പങ്കെടുപ്പിക്കണം.

5. DEO തല മത്സരം DEO മാർ നടത്തണം. ക്വിസ് മാസ്റ്ററെ അതത് DEO മാർ കണ്ടെത്തണം. മത്സരം നടത്തുന്നത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാവണം. മത്സരത്തിന്റെ ചെലവിലേക്കായി ആർക്കൈവ്സ് വകുപ്പിൽ നിന്ന് Rs.4000/- നൽകുന്നതാണ്. ഇത് പൂർണ്ണമായും മത്സര നടത്തപ്പിനായി വിനിയോഗിക്കേണ്ടതാണ്. ഈ തുക താഴെ പറയുന്ന ഇനങ്ങളിൽ യുക്താനുസരണം വിനിയോഗിക്കാവുന്നതാണ്.

1. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കുള്ള ട്രോഫി/കാഷ് അവാർഡ്
2. പങ്കെടുക്കുന്ന കുട്ടികൾക്കുള്ള ചായ, ലഘുഭക്ഷണം
3. ക്വിസ് മാസ്റ്റർക്കുള്ള പ്രതിഫലം
4. മൈക്ക് സെറ്റിന്റെ ചാർജ്ജ്
5. ഫോട്ടോ
6. സ്റ്റേഷനറി
7. ക്വിസ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഒന്നാമതെത്തുന്ന ടീമംഗങ്ങളുടെ പേരും വിലാസവും ഫോൺ നമ്പറും, സ്കൂളിന്റെ പേരും രേഖാമൂലം ആർക്കൈവ്സ് വകുപ്പിന് നൽകേണ്ടതാണ്.

6. DEO തലത്തിൽ ഒന്നാമതെത്തുന്ന ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലാതല മത്സരങ്ങൾ നടത്തുന്നതാണ്. (തിരുവിതാംകൂർ, കൊച്ചി, മലബാർ)
7. ഓരോ മേഖലയിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല മത്സരം നടത്തുന്നതാണ്.
8. മേഖലാ, സംസ്ഥാനതല മത്സരങ്ങൾ ആർക്കൈവ്സ് വകുപ്പ് നേരിട്ട് നടത്തുന്നതാണ്.
9. സംസ്ഥാനതല മെഗാഫൈനൽ മത്സരത്തിൽ വിജയികളാവുന്ന ടീമുകൾക്ക്, Rs.25000/-, Rs.15000/-, Rs.10000/- എന്നീ ക്രമത്തിൽ സമ്മാനങ്ങളും ട്രോഫികളും നൽകുന്നതാണ്.
10. ക്വിസ് മത്സരം, കേരള ചരിത്രത്തെ (രാഷ്ട്രീയം, സാമൂഹ്യം , കലാ സാംസ്കാരികം തുടങ്ങിയ വിവിധചരിത്ര മേഖലകൾ )അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

ഡയറക്ടർ

## ചരിത്രക്വിസ് 2012

### പ്രോഗ്രാം ഷെഡ്യൂൾ

| ക്രമ നം | മത്സരതലം | പൂർത്തിയാക്കേണ്ട തീയതി | സംഘാടന ചുമതല | റിമാർക്സ് |
|---|---|---|---|---|
| 1. | സ്കൂൾ തലം | 2012 സെപ്തംബർ 20 | ഹെഡ്മാസ്റ്റർ | ഒരു ടീമിൽ 2 കുട്ടികൾ, ഒന്നാം സ്ഥാനക്കാരെ DEOതല മത്സരത്തിൽ പങ്കെടുപ്പിക്കണം |
| 2. | DEO തലം | 2012 ഒക്ടോബർ 31 | DEO | ഒന്നാം സ്ഥാനക്കാരെ മേഖലാ തല മത്സരത്തിൽ പങ്കെടുപ്പിക്കണം |
| 3. | മേഖലാതലം (മലബാർ, കൊച്ചി, തിരുവിതാംകൂർ) | 2012 നവംബർ 20 | ആർക്കൈവ്സ് വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി | ആദ്യ സ്ഥാനക്കാരായ മൂന്നു ടീമുകളെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കണം |
| 4. | സംസ്ഥാനതലം (മെഗാ ഫൈനൽ) | [illegible] ഡിസംബർ 7 | " | ആകെ 9 ടീമുകൾ |

ഡയറക്ടർ